## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2340 18/03/2015-ൽ മറുപടിക്ക്

### ആദിവാസി ജനവിഭാഗങ്ങളുടെ ദുഃസ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. കെ. കുഞ്ഞാമ്മത് മാസ്റ്റർ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി ജനവിഭാഗങ്ങൾ വിവരണാതീതമായ ദുരിതമനുഭവിക്കുകയാണെന്ന കാര്യം സർക്കാരിനറിയാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആദിവാസി വിഭാഗങ്ങൾ ഇന്ന് അനുഭവിക്കുന്ന ദുഃസ്ഥിതി പരിഹരിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളുമോ? | (ബി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- ഹാംലറ്റ് വികസന പദ്ധതി - കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലെ പത്ത് കോളനികളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ഹാംലറ്റ് വികസന പദ്ധതി 2014-15 നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. 92 /2015 പജ.പവ.വിവ    തിരുവനന്തപുരം, തീയതി: 17.01.15

---

പരാമർശം :-
1. 27.12.2013 തീയതിയിലെ സ.ഉ(എം.എസ്)നം.107/2013/പജപവവിവ നമ്പർ ഉത്തരവ്
2. 30.06.2014 തീയതിയിലെ സ.ഉ(സാധാ)നം.1012/2014/പജപവവിവ നമ്പർ ഉത്തരവ്.
3. 30.08.2014 തീയതിയിലെ സ.ഉ(സാധാ)നം.1481/2014/പജപവവിവ നമ്പർ ഉത്തരവ്.
4. 17.09.2014 തീയതിയിലെ സ.ഉ(സാധാ)നം.1543/2014/പജപവവിവ നമ്പർ ഉത്തരവ്.
5. 14.10.2014 തീയതിയിലെ സ.ഉ(സാധാ)നം.1746/2014/പജപവവിവ നമ്പർ ഉത്തരവ്.
6. 30.10.2014, 07.11.2014 എന്നീ തീയതികളിലെ എ 3/7156/14 നമ്പർ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കത്തുകൾ.

## <u>ഉത്തരവ്</u>

പട്ടികവർഗ്ഗ കോളനികളിൽ ഹാംലറ്റ് വികസന പദ്ധതി നടപ്പാക്കുന്നതിനായി സൂചന ഒന്ന് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പരാമർശം 2, 3, 4, 5 ഉത്തരവുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 25 കോളനികളെ തിരഞ്ഞെടുത്തിരുന്നു. ഇതിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലെ പത്ത് കോളനികളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ടി പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം ആറിലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പത്ത് കോളനികളിൽ ഓരോ കോടി രൂപ വീതം ചെലവഴിച്ച് ഹാംലറ്റ് വികസന പദ്ധതി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നിബന്ധന പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പദ്ധതി നടത്തിപ്പിനാവശ്യമായ തുക 2225-02-102-88-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

| ക്രമ നമ്പർ | ജില്ല | കോളനി |
| --- | --- | --- |
| 1 | കാസർഗോഡ് | 1. ചുള്ളി കോളനി<br>2. അരിങ്കൽ കോളനി |
| 2 | കണ്ണൂർ | 1. കോട്ടയം തട്ട് പട്ടിക വർഗ്ഗ കോളനി<br>2. ബക്യേരി കോളനി<br>3. വളയംചാൽ കോളനി |
| 3 | കോഴിക്കോട് | 1. ചെങ്ങോട്ടുമല<br>2. എളമ്പിലാശേരി, ഭഗവതിക്കാവ്, മറിയംകഴി, ചണ്ണങ്ങൽ, കിഴക്കേചണ്ണങ്ങൽ, വരിക്കേക്കൽ, മായങ്ങൽ എന്നീ പട്ടിക വർഗ്ഗ കോളനികൾ ചേർന്ന ഒരു ക്ലസ്റ്റർ. |
| 4 | മലപ്പുറം | മാടം കോളനി |
| 5 | പാലക്കാട് | അടപ്പ് കോളനി |
| 6 | എറണാകുളം | തലവച്ചപാറ- കഞ്ചിപ്പാറ പട്ടിക വർഗ്ഗ കോളനി |

നിർദ്ദിഷ്ട പദ്ധതികൾ ആരംഭിയ്ക്കുന്നതിന് മുൻപ് ഹാംലറ്റ് വികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന റോഡുകൾ നിലവിലുള്ളവയാണെന്നും ടി റോഡിന്റെ പ്രയോജനം ലഭിക്കുന്നവരിൽ ഭൂരിപക്ഷം വരുന്ന ഗുണഭോക്താക്കൾ പട്ടികവർഗ്ഗക്കാരാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി സർക്കാരിനെ അറിയിക്കേണ്ടതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സുബ്രതാ ബിശ്വാസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ആഡിറ്റ്, കേരള, തിരുവനന്തപുരം
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ